(എ) പി. എസ്. സി. വഴിയുള്ള ഉദ്യോഗനിയമനം സംബന്ധിച്ച് അപേക്ഷ ക്ഷണിക്കൽ, അപേക്ഷ പരിശോധിക്കൽ, എഴുത്തുപരീക്ഷ നടത്തൽ, ഇന്റർവ്യൂ, റാങ്ക്‌ലിസ്റ്റ് ഉണ്ടാക്കൽ മുതലായ പ്രധാന കാര്യങ്ങളെ സംബന്ധിച്ച് ചട്ടങ്ങളോ മാർഗ്ഗ നിർദ്ദേശങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ;

(ബി) എങ്കിൽ അവയുടെ പ്രാബല്യം എന്നുമുതൽ;

(സി) ഇവ നിലവിലില്ലാത്ത സംഗതികളിൽ കീഴ്‌വഴക്കത്തിന് നിയമപ്രാബല്യ മുണ്ടോ;

(ഡി) എങ്കിൽ കീഴ്‌വഴക്കങ്ങൾ ലംഘിക്കുന്ന സംഗതിയിൽ പൊതുജനത്തിന് അത് സംബന്ധിച്ച വിവരം നൽകാതെ ഓരോ കാര്യത്തിലും നടപടി നടത്തുവാൻ പി. എസ്. സി.-ക്ക് അധികാരമുണ്ടോ;

(ഇ) നിലവിലുള്ള പി. എസ്. സി. ചെയർമാൻ അധികാരമേറ്റശേഷം മേൽപ്പറഞ്ഞ കാര്യങ്ങളിൽ കീഴ്‌വഴക്കം ലംഘിച്ച എത്ര സന്ദർഭങ്ങളുണ്ടായിട്ടുണ്ട്;

(എഫ്) നിയമനം സംബന്ധിച്ച നടപടിക്രമങ്ങളുടെ ചട്ടങ്ങളുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ—എഫ്) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. അംഗസംഖ്യ

24 [24] ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിൽ എത്ര അംഗങ്ങൾ തുടക്കത്തിൽ ഉണ്ടാ യിരുന്നു; ഓരോ സന്ദർഭത്തിലും കമ്മീഷൻ അംഗങ്ങളുടെ കാര്യത്തിൽ വന്ന വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പി. എസ്. സി. അംഗങ്ങളുടെ എണ്ണം ഇപ്പോൾ വർദ്ധിപ്പിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) അതിന് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ തുടക്കത്തിൽ ചെയർമാനെകൂടാതെ 4 അംഗങ്ങൾ ഉണ്ടായിരുന്നു. ഇത് 1971-ൽ 6 ആയും 1981-ൽ 8 ആയും 1982-ൽ 9 ആയും 1983-ൽ 13 ആയും 1984-ൽ 14 ആയും 2004-ൽ 17 ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. എണ്ണം വർദ്ധിപ്പിച്ചതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

(സി) ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ കാലാകാലങ്ങളിലുണ്ടായ വർദ്ധന പരിഗണിച്ചാണ് പി. എസ്. സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുള്ളത്.

(ഡി) വാങ്ങിയിരുന്നു.

പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്ന രീതി

25 [25] ശ്രീ. ടി. എൻ. പ്രതാപൻ:

,, എൻ. ഡി. അപ്പച്ചൻ:

,, കെ. എ. ചന്ദ്രൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. തയ്യാറാക്കുന്ന ഒരു റാങ്ക്‌ലിസ്റ്റുള്ളവർക്കെല്ലാം ജോലി ലഭിക്കുമോയെന്ന് കണക്കാക്കി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന സമ്പ്രദായം 2000 ഡിസംബർ 31-ന് മുമ്പ് നിലവിലുണ്ടായിരുന്നുവോ;

(ബി) ഈ ഏർപ്പാടിന് പി. എസ്. സി. ഇപ്പോൾ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ എന്ന് വ്യക്തമാക്കുമോ;

(സി) മുമ്പ് നിലവിലിരുന്ന രീതിക്ക് മാറ്റം വരുത്തുവാനുള്ള കാരണമെന്ത്;

(ഡി) 2000 ഡിസംബർ 31-ന് മുമ്പ് നിലവിലിരുന്ന ഇക്കാര്യത്തിലുള്ള രീതിക്ക് മാറ്റംവരുത്തിയശേഷം പി. എസ്. സി. എത്ര റാങ്ക്‌ലിസ്റ്റുകൾ തയ്യാറാക്കി;

(ഇ) പ്രസ്തുത റാങ്ക്‌ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ എണ്ണവും യഥാർത്ഥത്തിൽ റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുന്ന സമയത്തുണ്ടായിരുന്ന ഒഴിവുകളും എത്രവീതമെന്ന് കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ—ഇ) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly